LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ

18 (4073) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട് ;

(ബി) ഇതിൽ എത്ര സഹകരണ സംഘങ്ങൾക്കെതിരെ കേസെടുത്തിട്ടുണ്ട് ;

(സി) ക്രമക്കേടുമായി ബന്ധപ്പെട്ട് ഏതൊക്കെ സഹകരണ സംഘം ഡയറക്ടർ ബോർഡ് മെമ്പർമാർക്കെതിരെ കേസ് എടുത്തു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 238 സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്..

(ബി) ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതിൽ 70 സഹകരണ സംഘങ്ങൾക്കെതിരെ പോലീസ് കേസ്/വിജിലൻസ് കേസ് എടുത്തിട്ടുണ്ട്.

(സി) ക്രമക്കേടുമായി ബന്ധപ്പെട്ട് 12 സഹകരണ സംഘങ്ങളിലെ ഡയറക്ടർ ബോർഡ് മെമ്പർമാർക്കെതിരെ കേസ് എടുത്തിട്ടുണ്ട്. (വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.)*

വയനാട് കരണിയിലെ സഹകരണ പരിശീലന കേന്ദ്രം

19 (4074) ശ്രീ. പി. കൃഷ്ണ പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് കരണിയിലെ സഹകരണ പരിശീലന കേന്ദ്രം ആരംഭിച്ചിട്ട് എത്ര വർഷമായി ; ഇവിടെ എത്ര സീറ്റുകളാണുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പരിശീലന കേന്ദ്രത്തിൽ സീറ്റുകൾ വർദ്ധിപ്പിക്കാനും ഹയർ കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) ഈ സ്ഥാപനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നത് എങ്ങനെയാണ് ; ഇവിടെ സ്ഥിരം പരിശീലകരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഈ സ്ഥാപനത്തിന്റെ നവീകരണത്തിനായി പദ്ധതി തയ്യാറാകുമോ ?

ഉത്തരം

(എ) വയനാട് കരണിയിലെ സഹകരണ പരിശീലന കേന്ദ്രം 1983 ജൂലൈ മാസത്തിൽ പ്രവർത്തനം ആരംഭിച്ചു. 2003 ജൂൺ മുതൽ ഒരു ജനറൽ ബാച്ച് കൂടി ആരംഭിച്ചിട്ടുണ്ട്. ഓരോ ബാച്ചിലും 80 സീറ്റ് വീതം ആകെ 160 സീറ്റാണ് ഉള്ളത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്